# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5842 19.11.2019-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിലൂടെ എത്ര കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നുവരുന്നത്; വ്യക്തമാക്കുമോ; | (എ) | പ്രതിമാസം പതിനാറ് കോടി മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം രൂപയുടെ ചിട്ടി ഇടപാടുകൾ ആണ് നടന്നു വരുന്നത്. |
| (ബി) | പ്രവാസി ചിട്ടിയിലൂടെ അടുത്ത രണ്ടു വർഷത്തിനകം എത്ര കോടി രൂപ സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | അടുത്ത മൂന്നു വർഷങ്ങൾ കൊണ്ട് 10000 കോടി രൂപ കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിൽ നല്ലൊരു ഭാഗവും അടുത്ത രണ്ട് വർഷങ്ങൾ കൊണ്ട് സമാഹരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നിലവിൽ പ്രവാസി ചിട്ടികളുടെ ലേലവും നറുക്കെടുപ്പും എപ്രകാരമാണ് നടന്നുവരുന്നത്; വിശദമാക്കുമോ; | (സി) | പ്രവാസി ചിട്ടിയുടെ ലേലവും നറുക്കെടുപ്പും പൂർണമായി ഓൺലൈൻ ആയാണ് നടന്നു വരുന്നത്. |
| (ഡി) | പ്രവാസി ചിട്ടിയിൽ ലേലവും നറുക്കെടുപ്പും ഒഴിവാക്കി ഓരോ മാസവും ചിട്ടിയിലെ അംഗങ്ങൾ കൂടിയാലോചിച്ച് ചിട്ടി ലഭിക്കേണ്ട ആളെ കണ്ടെത്തുംവിധം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | അത്തരം ഒരു പദ്ധതി പരിഗണനയിലാണ്. നിയമവശങ്ങളും മറ്റു കാര്യങ്ങളും പരിശോധിക്കുന്ന പ്രക്രിയ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ